പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T 3324      10.12.2018-ൽ മറുപടിക്ക്

വൻകിട കമ്പനികളുടെ ഭൂമി കയ്യേറ്റവും നിയമ ലംഘനവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ജില്ലകളിലൊന്നും തന്നെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത നിലം നികത്തൽ തടയുന്നതിനായി ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും റവന്യൂ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരികയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നിർത്തി വയ്പിക്കാനും, കേരള നെൽവയൽ തണ്ണീർ ത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള നടപടികൾ സ്വീകരിക്കു ന്നതിനും, ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടി കളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) കോസ്റ്റൽ റെഗുലേഷൻ സോണിൽ ഉൾപ്പെടുത്തി ആക്കുളം കായൽ, പാർവ്വതീ പുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ആക്കുളം, പാർവ്വതീ പുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോസ്റ്റൽ റഗുലേഷൻ സോൺ നിയമങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ചുള്ള നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കേരള നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (സി) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഭൂമി കയ്യേറ്റം നടത്തിയിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**